## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 983 | 30.06.2015 ലെ മറുപടിക്ക്

**കൊല്ലങ്കോട് ആണ്ടികൊളമ്പ് സ്വയം പര്യാപ്തഗ്രാമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലങ്കോട് ആണ്ടികൊളമ്പ് കോളനിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കോളനി പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് കമ്മറ്റി മീറ്റിംഗ് 29.01.2015, 13.02.2015, 07.04.2015 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്. |
| (ബി) | നിലവിൽ ഈ പദ്ധതിയുടെ ഭാഗമായി ആണ്ടികൊളമ്പ് കോളനിയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | പദ്ധതിയുടെ ഭാഗമായുള്ള റോഡ് നിർമ്മാണം, സൈഡ് പ്രൊട്ടക്ഷൻ വാൾ (എസ്റ്റിമേറ്റ് നമ്പർ 9A, 5A) എന്നിവ ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗുണഭോക്താക്കൾ വിട്ടു നൽകാത്തതിനാലും മരങ്ങൾ മുറിച്ചു നീക്കി നൽകാത്തതിനാലും 24.02.2015 മുതൽ പ്രവർത്തനങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. |
| (സി) | ഈ പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ഉണ്ട്. ഒന്നാം ഗഡു തുകയായ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ